# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2792** **19.06.2014-ന് മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി അപേക്ഷിക്കുമ്പോഴുള്ള പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.തിലോത്തമൻ** | | **ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ വില്ലേജ് ഓഫീസർമാർ അപേക്ഷകൾ നിരസിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ; | (എ) | ഇല്ല. അനുബന്ധ രേഖകളിലെ പോരായ്മ കാരണം അപേക്ഷകൾ നിരസിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ആവശ്യമായ രേഖകളുടെ ലിസ്റ്റ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമില്ലാത്തതും തെറ്റായതുമായ അനുബന്ധരേഖകൾ അയയ്ക്കുവാൻ അക്ഷയ കേന്ദ്രങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; ഇപ്രകാരം തെറ്റായ രേഖകൾ സമർപ്പിക്കപ്പെട്ടാലും അപേക്ഷകളിൽ സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. തെറ്റായ രേഖകൾ സമർപ്പിക്കപ്പെട്ടാൽ എന്ത് പോരായ്മയാണ് അപേക്ഷകളിൽ വന്നിട്ടുള്ളത് എന്ന് രേഖപ്പെടുത്തി അപേക്ഷ തിരികെ അയയ്ക്കുകയാണ് ചെയ്യുന്നത്. കൂടാതെ, അപേക്ഷകനെ എസ്.എം.എസ് ആയി വിവരം അറിയിക്കുവാനുള്ള സംവിധാനവുമുണ്ട്. |
| (സി) | സർക്കാർ നിരക്കിലല്ലാതെയും തെറ്റായ രേഖകൾ അനാവശ്യമായി ചേർത്ത് അധികമായ നിരക്കിലും അപേക്ഷകൾക്ക് ഫീസ് വാങ്ങുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു പറയാമോ? | (സി) | എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാരോടും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാ കളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. |

Vatsala S.D

**സെക്ഷൻ ഓഫീസർ**